**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2918** **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യഗ്രാമങ്ങളിലെ വീടുകൾ പുനർ നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങളിൽ കാലവർഷത്തെ തുടർന്ന് വീടുകൾ നഷ്ടമായവർക്ക് വീടുകൾ പുനർ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | വർക്കല മണ്ഡലത്തിലെ മത്സ്യഗ്രാമമായ ചിലക്കുറിൽ 12/06/2024-ലെ കാലവർഷത്തെ തുടർന്ന് ഉണ്ടായ ചുഴലിക്കാറ്റിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിനാൽ ആയവ പുനർനിർമ്മിക്കുന്നതിനായി 155 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ആയത് നിലവിൽ ദുരന്ത നിവാരണ വകുപ്പിന്റെ പരിശോധനയിൽ ആണ്. കൂടാതെ, തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടത് പ്രകാരം ചിലക്കൂർ മത്സ്യഗ്രാമത്തിലെ വീടുകളുടെ നാശനഷ്ടത്തെക്കുറിച്ചും, അവയുടെ നിലവിലെ സ്ഥിതിയും, നാശനഷ്ടം സംഭവിച്ച വീടുകളുടെ ലിസ്റ്റും ഇവരെ ദുരന്തനിവാരണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശയും സഹിതം തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ